പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1853 — 05.12.2014 - ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം പദ്ധതി

ചോദ്യം
ശ്രീ. സി. ദിവാകരൻ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| സ്നേഹപൂർവ്വം പദ്ധതി എന്ന് മുതലാണ് ആരംഭിച്ചത്; കഴിഞ്ഞ അധ്യയന വർഷം സ്കോളർഷിപ്പ് നൽകിയത് വൈകിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഇനത്തിൽ കഴിഞ്ഞ അധ്യയന വർഷം എന്ത് തുക ചെലവഴിച്ചു? | 06.06.2012 ലെ സ.ഉ.(എം.എസ്) 36/2012/ സാക്ഷേവ നമ്പർ ഉത്തരവ് പ്രകാരം സ്നേഹപൂർവ്വം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14 അദ്ധ്യയന വർഷത്തെ ആനുകൂല്യത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലായിരുന്നു. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് മാത്രമായി ആനുകൂല്യം പരിമിതപ്പെടുത്തിയിരുന്നത് കണക്കിലെടുക്കാതെ അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ കണ്ടെത്തി തരംതിരിക്കുന്നതും അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് വാങ്ങുന്നതും ശ്രമകരമായ ജോലിയായതിനാൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിട്ടു. കഴിഞ്ഞ അദ്ധ്യായന വർഷത്തെ (2013-14) സ്നേഹപൂർവ്വം പദ്ധതി ധനസഹായം അനുവദിക്കുന്നതിന് 11,41,96,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ